## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3099** **14-02-2024 - ൽ മറുപടിയ്ക്ക്**

## ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുമായി ബന്ധപ്പെട്ട് മോട്ടോർ സപ്ലൈ ചെയ്യുന്ന കരാറുകളിൽ മോട്ടോർ പ്രവർത്തിപ്പിച്ച് നോക്കാതെതന്നെ തൊണ്ണൂറ് ശതമാനം തുക നൽകാമെന്ന വ്യവസ്ഥ മൂലം ഭാവിയിൽ മോട്ടോർ പ്രവർത്തിച്ചില്ലെങ്കിൽ സർക്കാരിന് നഷ്ടം വരാൻ ഇടയാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സ്റ്റോർ പർച്ചേസ് മാന്വൽ (റിവൈസ്ഡ് എഡിഷൻ 2013) പ്രകാരമുള്ള പേയ്മെന്റ് വ്യവസ്ഥകൾ ആണ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കായി പമ്പും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനുള്ള കരാർ വ്യവസ്ഥകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ പമ്പിന്റേയും, അനുബന്ധ സാമഗ്രികളുടേയും ഡിഫക്ട് ലയബിലിറ്റി കാലയളവ് 3 വർഷം എന്ന് ഉൾപ്പെടുത്തിയാണ് എഗ്രിമെന്റ് നടപ്പിലാക്കുന്നത്. ഇവയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഡിഫക്ട് ലയബിലിറ്റി കാലാവധിയായ 3 വർഷം കഴിഞ്ഞു മാത്രമാണ് വിടുതൽ ചെയ്ത് നല്കുന്നത്. ആയതിനാൽ ടി പേയ്മെന്റ് വ്യവസ്ഥകൾ മുഖാന്തിരം സർക്കാരിന് നഷ്ടം വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മെക്കാനിക്കൽ വിഭാഗത്തിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ക്കായി കരാർ നടപ്പിലാക്കിയ പദ്ധതികൾക്കായി സപ്ലൈ ചെയ്തിട്ടുള്ള പമ്പും, മോട്ടോറും, അനുബന്ധ സാമഗ്രികളും അവയുടെ തകരാർ കാരണം പ്രവർത്തിക്കാതിരുന്നതായി നാളിതു വരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ഇത്തരം വ്യവസ്ഥകൾ കരാറിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | കരാർ വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടുള്ള പേയ്മെന്റ് വ്യവസ്ഥകൾ സ്റ്റോർ പർച്ചേസ് മാന്വൽ (റിവൈസ്ഡ് എഡിഷൻ 2013) പ്രകാരമുള്ളവയായതിനാലും ടി വ്യവസ്ഥകൾ മുഖേന നാളിതുവരെ സർക്കാരിന് നഷ്ടം വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്ത തിനാലും ഇത്തരം വ്യവസ്ഥകൾ കരാറിൽ നിന്ന് ഒഴിവാക്കേണ്ട സാഹചര്യം നിലവിലില്ല. |
| (സി) | മോട്ടോർ സപ്ലൈയോടൊപ്പം ഇൻസ്റ്റലേഷന് കൂടി ഒന്നിച്ച് കരാർ നൽകാത്തതിനാൽ പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന തടസ്സങ്ങളും ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് ഇവയ്ക്ക് ഒന്നിച്ച് കരാർ നൽകാനുള്ള നടപടി സ്വീകരിക്കുമോ? | (സി) | സപ്ലൈയോടൊപ്പം ഇൻസ്റ്റൈലേഷനു കൂടി ഒന്നിച്ച് കരാർ നല്കാത്തതിനാൽ പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നതായി ഫീൽഡ് തല ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ഇവയ്ക്ക് ഒന്നിച്ച് കരാർ |

| | | | |
|---|---|---|---|
| | | | നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ചീഫ് എഞ്ചിനീയർ മെക്കാനിക്കലിന്റെ ശ്രദ്ധയിൽ പ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ